ദേശാഭിമാനി

17 February 2017

► സിഎംഎഫ്ആർഐ വികസിപ്പിച്ചു

# മീനുകളെ തിരിച്ചറിയാനും ഇനി ആപ്

● സ്വന്തം ലേഖകൻ

കൊച്ചി > കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) 70–ാം വാർഷികത്തോടനുബന്ധിച്ച് മീനുകളെ തിരിച്ചറിയാനുള്ള മൊബൈൽ ആപ് പുറത്തിറക്കുന്നു. പവിഴപ്പുറ്റുകളുമായി ബന്ധപ്പെട്ട 368 അലങ്കാര, ഭക്ഷ്യ മത്സ്യയിനങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നതാണ് മൊബൈൽ ആപ്. ശനിയാഴ്ച പകൽ 2.30ന് നടക്കുന്ന സിഎംഎഫ്ആർഐയുടെ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവേളയിൽ ഗവർണർ ജസ്റ്റിസ് പി സദാശിവം ആപ് പുറത്തിറക്കും. അതിനുശേഷം, ആപ് സിഎംഎഫ്ആർഐയുടെ വെബ്സൈറ്റിൽനിന്ന് (www.cmfri.org.in) ഡൗൺലോഡ്ചെയ്ത് ഉപയോഗിക്കാം.

വിദേശനാണ്യ മൂല്യമുള്ള കലവ വിഭാഗങ്ങളിൽപ്പെട്ട മത്സ്യങ്ങൾ പവിഴപ്പുറ്റുകളോടു ചേർന്നാണ് കൂടുതലായി കാണപ്പെടുന്നത്. ഇത്തരം മീനുകളുടെ ഇനംതിരിച്ചുള്ള വിപണനം രാജ്യാന്തര വാണിജ്യമേഖലയിൽ വളരെ പ്രാധാന്യമുള്ളതാണ്. കാഴ്ചയിൽ ഒരുപോലുള്ള ഇത്തരം മീനുകളെ തിരിച്ചറിയേണ്ടത് കയറ്റുമതി വ്യാപാരത്തിന് അനിവാര്യമാണ്. കടൽമീനുകൾ കയറ്റുമതി വ്യാപാരം നടത്തുന്നവർക്ക് മൊബൈൽ ആപ് ഗുണകരമാകും. ഇന്റർനെറ്റ് കണക്ഷൻ ഇല്ലാതെ തന്നെ ഉപയോഗിക്കാവുന്ന രീതിയിലാണ് ആപ് രൂപപ്പെടുത്തിയിട്ടുള്ളത്. സമാനരൂപത്തിൽ കാണപ്പെടുന്ന മത്സ്യയിനങ്ങളുടെ വേർതിരിവ് ലളിതമായിതന്നെ തിരിച്ചറിയാൻ ആപ്വഴി സാധിക്കും. വാണിജ്യാടിസ്ഥാനത്തിൽ വിപണിയിൽനിന്ന് മത്സ്യം വാങ്ങുന്ന ഉപഭോക്താക്കൾക്കും മീനുകളെ പെട്ടെന്ന് തിരിച്ചറിയാൻ ഇത് ഉപകരിക്കും. സിഎംഎഫ്ആർഐയിലെ അടിത്തട്ട് മത്സ്യവിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ രേഖ ജെ നായരാണ് മീനുകളെക്കുറിച്ചുള്ള വിവരങ്ങൾ ലളിതമായി മനസ്സിലാക്കാൻ സഹായിക്കുന്ന മൊബൈൽ ആപ് വികസിപ്പിച്ചത്.




സിഎംഎഫ്ആർഐയുടെ ഒരുവർഷത്തെ ജൂബിലി ആഘോഷ ഉദ്ഘാടന ചടങ്ങിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ കെ ജെന അധ്യക്ഷനാകും. എംപിഇഡിഎ ചെയർമാൻ എ ജയതിലക് പങ്കെടുക്കും.